# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3101**

**23.03.2015 - ൽ**
**മറുപടിക്ക്**

### ആറളം ഫാമിങ് കോർപ്പറേഷൻ

| ചോദ്യം<br>ശ്രീ.വി.ശശി | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) ആറളം ഫാമിങ് കോർപ്പറേഷന്റെ ഭൂമിയിൽ നിലവിൽ ഏതെല്ലാം കൃഷി കളാണ് നടത്തുന്നത്; ഹോർട്ടികൾച്ചർ മിഷൻ എത്ര ഏക്കർ ഭൂമിയിൽ എന്തെല്ലാം കൃഷി നടത്തുന്നുവെന്ന് വ്യക്തമാക്കാമോ; | എ) ആറളം ഫാമിങ് കോർപ്പറേഷന്റെ ഭൂമിയിൽ നിലവിൽ തെങ്ങ്, കവുങ്ങ്, കശുമാവ്, കൊക്കോ, കുരുമുളക്, മാവ്, കൈതച്ചക്ക (പാട്ടകൃഷി), ഔഷധ സസ്യങ്ങൾ എന്നിവ യാണ് കൃഷി ചെയ്തുവരുന്നത്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം 1000 ച.മീറ്ററിൽ പോളീഹൗസ് കൃഷി, 25 ലക്ഷം രൂപയുടെ മാതൃകാ നഴ്സറി എന്നിവയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ദേശീയ ഔഷധ സസ്യമിഷൻ പദ്ധതി പ്രകാരം 812.5 ഏക്കർ സ്ഥലത്ത് ഔഷധസസ്യകൃഷി നടപ്പിലാക്കി വരുന്നു. ഇതിൽ 250 ഏക്കർ അശോകം, 125 ഏക്കർ കൂവളം, 250 ഏക്കർ കുമിഴ്, 125 ഏക്കർ തിപ്പലി, 62.5 ഏക്കർ ശതാവരി എന്നീ ഔഷധ സസ്യങ്ങൾ ഉൾപ്പെടും. |
| ബി) ഇവിടെ എത്ര ഏക്കറിലാണ് കരിങ്കൽ ക്വാറി നടത്തുന്നത്; ഇത് നടത്തുന്നതിന് പാരിസ്ഥിതാഘാതപഠനം നടത്തിയി ട്ടുണ്ടോ; ഇതിന് മൈനിങ് ആന്റ് ജിയോളജി, മലിനീകരണനിയന്ത്രണ ബോർഡ്, ഗ്രാമപഞ്ചായത്ത് എന്നിവ യുടെ അനുമതി ലഭിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | ബി) കരിങ്കൽ ക്വാറിയുടെ അനുമതിക്കായി ഇതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| സി) അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ